ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) കോർപ്പറേഷൻ ലിബിയയിൽ എടുത്ത കോൺട്രാക്റ്റുകളിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാനത്തിനുള്ളിൽ എടുത്ത വർക്കുകൾ ലാഭത്തിലാണ് നടക്കുന്നത്.

(ബി, സി) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.†

(ഡി) യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷൻ സംസ്ഥാന ഗവൺമെന്റിന്റെ വർക്കുകളൊന്നും നൽകിയിട്ടില്ല. എന്നാൽ യു.പി. സ്റ്റേറ്റ് ബ്രിഡ്ജ് കോർപ്പറേഷൻ നാഷണൽ ഹൈവേയിലുള്ള കോട്ടപ്പുറം പാലത്തിന്റെ പണി നൽകിയിട്ടുണ്ട്. 496.48 ലക്ഷം രൂപയാണ് ഈ പാലത്തിന്റെ പുതുക്കിയ അടങ്കൽ തുക.

## അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിലുള്ള സഹകരണ സംഘങ്ങൾ

* 39 [39†] ശ്രീമതി പി. ദേവൂട്ടി:
,, ഒ. ഭരതൻ:
,, ടി.കെ. അറുമുഖൻ:
,, സി.പി. മൂസ്സാൻകുട്ടി:
,, ടി.കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സഹകരണ സംഘങ്ങൾ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻകീഴിലുണ്ട്;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഒഴിവാക്കി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്ക് ഭരണം ഏൽപ്പിച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം):

(എ) 364 സഹകരണ സംഘങ്ങൾ

(ബി) ഡിപ്പാർട്ടുമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഓവർ ബ്രിഡ്ജുകൾ

* 40 [40] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര; എവിടെയെല്ലാം?

† അനുബന്ധം III



LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള):

(എ) സംസ്ഥാനത്ത് പുതിയതായി ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) റെയിൽവേയുടെ 1987–88 വാർഷിക വർക്സ് പ്രോഗ്രാം അനുസരിച്ച് കോസ്റ്റ് ഷെയറിംഗ് പദ്ധതി പ്രകാരം താഴെചേർക്കുന്ന ഓവർബ്രിഡ്ജുകളുടെ പണി ഏറ്റെടുക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേ അധികൃതരോട് 20–5–1986–ൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പാലങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി റെയിൽവേയുടെ അംഗീകാരം വാങ്ങിക്കേണ്ടതുണ്ട്.

(1) നാഷണൽ ഹൈവേ വിഭാഗത്തിൽ

1. നാഷണൽ ഹൈവേ 17–ൽ കി.മീ. 200–ൽ ചേറോഡ് ഓവർ ബ്രിഡ്ജ്.

2. നാഷണൽ ഹൈവേ 17–ൽ കി.മീ. 9/600–ൽ പട്ടണക്കാട് ഓവർ ബ്രിഡ്ജ്.

(2) ആർ.ആൻറ് ബി. വിഭാഗത്തിൽ

1. മുളങ്കുന്നത്തുകാവ് (തൃശ്ശൂർ) കി.മീ. 23/5–6–ൽ
2. തൃശ്ശൂർ–ഒല്ലൂർ കി.മീ. 35/6–7–ൽ
3. മുള്ളൂർക്കര–വടക്കാഞ്ചേരി കി.മീ. 15/6–7–ൽ
4. വർക്കല റെയിൽവേ സ്റ്റേഷനു സമീപം വർക്കല–കല്ലമ്പലം റോഡിൽ
5. പുതുനഗരം–പാലക്കാട് ടൗൺ കി.മീ. 51/11–12. കണ്ണൂരിൽ തലക്കര റോഡിൽ കി.മീ. 753/6–7–ൽ ഒരു അണ്ടർ ബ്രിഡ്ജും, കുറ്റിപ്പുറത്ത് കി.മീ. 608/4–5–ൽ ഒരു ഓവർബ്രിഡ്ജും, കോഴിക്കോട് ഫ്രാൻസീസ് റോഡിൽ ഒരു ഓവർബ്രിഡ്ജും വള്ളത്തോൾ നഗറിൽ കി.മീ 3/1–2–ൽ ഒരു ഓവർബ്രിഡ്ജും നിർമ്മിക്കുന്നതിന് ഇതിനകം അനുമതി നൽകിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ പാർലമെൻറിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

റെയിൽ റോഡ് ഓവർബ്രിഡ്ജുകളുടെ നിർമ്മാണനിർദ്ദേശങ്ങൾ പരിഗണിച്ച് റെയിൽ–റോഡ് ഗതാഗതത്തേയും ധനലഭ്യതയേയും കണക്കിലെടുത്ത് അതാതു കൊല്ലങ്ങളിൽ അനുമതി നൽകുന്നതാണെന്നും കേന്ദ്രം പാർലമെൻറിൽ വ്യക്തമാക്കിയിട്ടുണ്ട്.

അച്ചടി പൂർത്തിയായിട്ടില്ലാത്ത പാഠപുസ്തകങ്ങൾ

* 41 [41] ശ്രീ. ടി.കെ. ഹംസ:
,, സി.കെ. ചക്രപാണി:
,, പി.സി. തോമസ് (കടുത്തുരുത്തി):
,, എ.കെ. പത്മനാഭൻ:
,, കെ.പി. അരവിന്ദാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തിൽ സ്കൂൾ തലത്തിൽ പഠിപ്പിക്കേണ്ട പല പുസ്തകങ്ങളുടേയും അച്ചടി പൂർത്തിയായിട്ടില്ലെന്ന വിവരം

LIBRARY ARCHIVES Kerala Legislative Assembly